**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1114** **06.02.2020-ൽ മറുപടിക്ക്**

**<u>മക്കേക്കടവ് നേരകടവ് പാലത്തിന്റെ നിലവിലെ സ്ഥിതി</u>**

| **<u>ചോദ്യം</u>**<br>**ശ്രീമതി ഷാനിമോൾ ഉസ്മാൻ** | **<u>മറുപടി</u>**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) തുറവൂർ പമ്പ പാതയിലെ മക്കേക്കടവ് നേരകടവ് പാലത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് എന്നറിയിക്കുമോ; | (എ) പ്രസ്തുത പാലത്തിന്റെ ആകെ ഉളള 100 പൈലുകളിൽ 96 എണ്ണവും 23 പൈൽ ക്യാപ്പുകളിൽ 21 എണ്ണവും പിയർക്യാപ്പുകളിൽ 21 ൽ 21 എണ്ണവും നാവിഗേഷൻ സ്പാനിന്റെ 8 ബീമുകളിൽ 5 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. മാക്കേക്കടവു ഭാഗത്ത് 4 പൈലും 2 പൈൽ ക്യാപ്പുകളും സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മിക്കാൻ സാധിച്ചിട്ടില്ല. സ്ഥലം ലഭ്യമായെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) ഈ വർക്കിന്റെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു; ഇതേ തുകയ്ക്ക് തന്നെയാണോ കരാർ എടുത്തത് ; വിശദാംശം നൽകുമോ; | (ബി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് **തുക 98.098** കോടി രൂപയാണ്. **ഡിസൈൻ ടെണ്ടർ** പ്രകാരം 78.40 കോടി രൂപയ്ക്കാണ് കരാർ നൽകിയത്. |
| (സി) ഈ പണി ആരംഭിച്ചത് എന്നാണ്; ഇതുവരെ എത്ര ശതമാനം പണി പൂർത്തിയായി; കരാറുകാരന് നാളിതുവരെ എത്ര തുക നൽകി; വിശദമാക്കാമോ; | (സി) 04/11/2016-ൽ പ്രവൃത്തി തുടങ്ങി 50% പ്രവൃത്തി പൂർത്തീകരിച്ചു. നാളിതുവരെ ₹49,28,52,052/- രൂപ നൽകിയിട്ടുണ്ട്. |
| (ഡി) ഇത് സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) ഉണ്ട്. രണ്ടു കേസുകൾ നിലവിലുണ്ട്.<br>1. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.പ്രകാശൻ, പുതുവൽ ചിറ വീട്, നട്ടഭാഗം മുറി, തൈക്കാട്ടുശ്ശേരി എന്നയാൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ പി.സി - 19503/2017 നം. കേസ്.<br>2. പണി പൂർത്തീകരിക്കുന്നതു സംബന്ധിച്ച് ശ്രീ.എൻ.എ.താഹ, നെടുംചിറയിൽ, കരിപ്പാടം പി.ഒ, വൈക്കം എന്നയാൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ പി.സി നം.21075/2019(എച്ച്) നം.കേസ്. |

| | | |
|---|---|---|
| (ഇ) | ഈ പണി നിറുത്തി വച്ചിട്ടുണ്ടോ; എങ്കിൽ നിറുത്തി വയ്ക്കുന്നതിനുള്ള കാരണം എന്തായിരുന്നു; പണി പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്താണ്; പണി സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) ഇല്ല, 04/11/2016 ൽ കരാറുകാരന് സൈറ്റ് കൈമാറിയിട്ടുളളതാണ്. പണിയുടെ കാലാവധി 24 മാസം ആണ്. കരാറുപ്രകാരം 03/11/2018-ൽ പണിപൂർത്തീകരിക്കേണ്ടതായിരുന്നു. സ്ഥലം ലഭ്യമല്ലാത്തതിനാൽ പണിപൂർത്തീകരിക്കാൻ വേണ്ടി 25/02/2020 വരെ കാലാവധി നീട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ